(എ) ആറൻമുള നിയോജക മണ്ഡലത്തിൽ അയിരൂർ പഞ്ചായത്തിൽ മൃഗാശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) അയിരൂരിലെ മൃഗാശുപത്രി കെട്ടിടം പണി 2000-2001 വർഷം തന്നെ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പഞ്ചായത്തിന്റെ നിർദ്ദേശം ലഭിച്ചാൽ സ്വീകരിക്കുന്നതാണ്.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ മേൽ നടപടി സ്വീകരിക്കുന്നതിനായി പഞ്ചായത്തിന്റെ തീരുമാനവും കെട്ടിടത്തിനാവശ്യമായ പ്ലാനും എസ്റ്റിമേറ്റും സ്ഥല ലഭ്യതയെക്കുറിച്ചുള്ള വിവരവും ലഭ്യമാക്കുവാൻ പഞ്ചായത്ത് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത പഞ്ചായത്തിന്റെ നിർദ്ദേശം ആവശ്യപ്പെട്ട രേഖകൾ സഹിതം ലഭിക്കുന്ന മുറയ്ക്ക് കെട്ടിടം പണിയ്ക്ക് ആവശ്യമായ ധനസഹായം (പരമാവധി 5 ലക്ഷം രൂപ) അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## കെ.റ്റി.ഡി.സി.യിലെ നിയമനങ്ങൾ

**118 (776)** ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനിലെ ഏതെല്ലാം തസ്തികളിലേക്കാണ് പി.എസ്.സി. വഴി നിയമനം നടത്തുന്നത്;

(ബി) 2000 ഏപ്രിൽ മാസത്തിൽ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനിലെ ഏതെല്ലാം തസ്തികകളിൽ നിയമനം നടത്തുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(സി) ഈ കോർപ്പറേഷനിൽ മെയിന്റനൻസ് എഞ്ചിനീയർമാരുടെ നിയമനത്തിന് വേണ്ട യോഗ്യതയും ശമ്പള സ്കെയിലും വ്യക്തമാക്കുമോ;

(ഡി) ഈ നിയമനങ്ങൾ പി.എസ്.സി. വഴിയാണോ; എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയാണോ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നത്;

(ഇ) പി.എസ്.സി. വഴി അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമേ നിയമനം നടത്താവൂ എന്ന നിബന്ധന പാലിച്ചിട്ടുണ്ടോ;

(എഫ്) അനധികൃതമായി നിയമനം നടത്താൻ നോട്ടിഫിക്കേഷൻ നൽകിയിട്ടുണ്ടെങ്കിൽ അത് പിൻവലിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കെ.റ്റി.ഡി.സി.യിൽ പി.എസ്.സി. വഴി നിയമനം നടത്തുന്ന തസ്തികകൾ താഴെ പറയുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

1. ഡ്രൈവർ
2. ബോട്ട്‌ലാസ്കർ
3. ഗാർഡനർ
4. പ്യൂൺ
5. അറ്റൻഡർ
6. സ്റ്റോർ അറ്റൻഡർ
7. കാഷ്യർ
8. ഓവർസിയർ
9. അക്കൗണ്ടന്റ്
10. അസിസ്റ്റന്റ് എഞ്ചിനിയർ (സിവിൽ ആന്റ് ഇലക്ട്രിക്കൽ)
11. സ്റ്റെനോഗ്രാഫർ
12. ഓഫീസ് അസിസ്റ്റന്റ്
13. ടെലഫോൺ ഓപ്പറേറ്റർ
14. സ്റ്റോർകീപ്പർ

(ബി) 2000 ഏപ്രിൽ മാസത്തിൽ കെ.റ്റി.ഡി.സി. യിൽ നിയമനം നടത്തുന്നതിന് സർക്കാർ അനുവദിച്ച തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു.

| തസ്തികയുടെ പേര് | എണ്ണം |
|---|---|
| 1. മെയിന്റനൻസ് എഞ്ചിനിയർ (ഇലക്ട്രിക്കൽ) | - 7 |
| 2. ഇലക്ട്രീഷ്യൻ | - 15 |
| 3. പ്ലംബർ | - 6 |
| 4. എ.സി. മെക്കാനിക്ക് | - 6 |

ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇലക്ട്രിക്കൽ ഇഞ്ചിനിയറിംഗിൽ ഡിഗ്രിയും, ഡി.ജി.സെറ്റ്, സെൻട്രലൈസ്ഡ് എ.സി, ഹൈടെൻഷൻ എക്യൂപ്മെന്റ് എന്നിവ കൈകാര്യം ചെയ്യുന്നതിൽ രണ്ടുവർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയവും

അല്ലെങ്കിൽ

ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ നേടിയ ഡിപ്ലോമയും, ഡി.ജി സെറ്റ്, സെൻട്രലൈസ്ഡ് എ.സി, ഹൈടെൻഷൻ എക്യൂപ്പ്മെന്റ് എന്നിവ കൈകാര്യം ചെയ്യുന്നതിൽ 7 വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയവും

അല്ലെങ്കിൽ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ഡിഗ്രി/ഡിപ്ലോമയ്ക്കു തത്തുല്യമായ യോഗ്യതയുള്ളതും മേൽപ്പറഞ്ഞ പ്രകാരം യഥാക്രമം 2 വർഷം/7വർഷം പ്രവൃത്തിപരിചയമുള്ള രാജ്യരക്ഷാ സർവ്വീസിലുള്ളവർ. ശമ്പള സ്കെയിൽ - 6675-10550 രൂപ.

(ഡി)&(ഇ) മേൽപ്പറഞ്ഞ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും/പത്രത്തിൽ പരസ്യം ചെയ്തും നിയമനം നടത്താൻ ഉദ്ദേശിക്കുന്നു. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം മാനേജീരിയൽ/പ്രൊഫഷണൽ തസ്തികയിലേക്ക് പരസ്യത്തിൽക്കൂടിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭിക്കുന്ന ഉദ്യോഗാർത്ഥികളിൽനിന്നും തെരഞ്ഞെടുപ്പ് നടത്താവുന്നതാണ്. 23.5.2000 ൽ കോർപ്പറേഷൻ പരസ്യപ്പെടുത്തിയ മെയിന്റനൻസ് ഇഞ്ചിനീയർ (ഇലക്ട്രിക്കൽ) ഒരു മാനേജീരിയൽ/പ്രൊഫഷണൽ തസ്തികയാണ്. അതിലേക്ക് ഉദ്യോഗാർത്ഥികളെ ക്ഷണിക്കാനുള്ള പരസ്യം നൽകിയതോടൊപ്പം പ്രൊഫഷണൽ ആന്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും നോട്ടിഫൈ ചെയ്തിട്ടുണ്ട്.

(എഫ്) അനധികൃതമായി യാതൊരു നിയമനത്തിനും നോട്ടിഫിക്കേഷൻ കൊടുത്തിട്ടില്ല.

## കുഞ്ഞാലിമരയ്ക്കാർ കേന്ദ്രത്തിന്റെ വികസനം

**119 (777)**ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഇരിങ്ങൽ പാറയുമായി ബന്ധപ്പെടുത്തി കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാർ കേന്ദ്രത്തിൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് ഗവൺമെന്റ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് എന്തുതുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അടിസ്ഥാന സൗകര്യവികസനത്തോടൊപ്പം ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ഈ കോംപ്ലക്സിനോട് ചേർന്ന് ഒരു മ്യൂസിയം, പഠനകേന്ദ്രം, ലൈബ്രറി, ആർട്ട് ഗ്യാലറി തുടങ്ങിയവയും കുഞ്ഞാലിമരയ്ക്കാറുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

## വേമ്പനാട്ട് കായലിലെ വിനോദസഞ്ചാര വികസന പദ്ധതികൾ

**120 (778)** ശ്രീ. ഇ.ടി. മുഹമ്മദ്ബഷീർ :

LIBRARY ARCHIVES Kerala Legislative Assembly